"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസനവകുപ്പ് - ജീവനക്കാര്യം - അട്ടപ്പാടി ഐ.റ്റി.ഡി.പി.യിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നെടുമങ്ങാട് ഐ.റ്റി.ഡി.പി.യിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.718/2024/SCSTD    തീയതി,തിരുവനന്തപുരം, 29-08-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.194/15/പജപവവിവ തീയതി 06.02.2015.
2. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 17.03.2023, 20.05.2023 എന്നീ തീയതികളിലെ ഇ1/4097/21 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ നിർമ്മാണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി.എഞ്ചിനീയർ, ഓവർസിയർ തസ്തികകൾ പരാമർശം (1) പ്രകാരം അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസിലേക്ക് പുനസ്ഥാപിച്ച് ഉത്തരവായിരുന്നു.

2. ഇതിൽ സാങ്കേതിക തസ്തികയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക അട്ടപ്പാടി ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസ് ആസ്ഥാനത്തായാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നതെന്നും, വകുപ്പിന് കീഴിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത് ഡയറക്ടറേറ്റിൽ നിന്നുമായതിനാൽ സാങ്കേതിക ഉപദേശങ്ങൾ ക്കും, പുതിയ പദ്ധതികളുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും, സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാക്കുന്നതിനും, എസ്റ്റിമേറ്റുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതുൾപ്പെടെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു എഞ്ചിനീയറിംഗ് വിംഗിന്റെ സേവനം വകുപ്പ കാര്യാലയത്തിന് അനിവാര്യമാണെന്നും, ആയതിനാൽ അട്ടപ്പാടി ഐ.റ്റി.ഡി.പി.യിലേക്ക് മാറ്റി പുനഃക്രമീകരിച്ചിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും നെടുമങ്ങാട് ഐ.റ്റി.ഡി.പി.യിലെ അസിസ്റ്റന്റ്

എഞ്ചിനീയർ തസ്തികയും വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിനു കീഴിലുള്ള പുതിയ പദ്ധതികളുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാക്കുന്നതിനും ഒരു എഞ്ചിനീയറിംഗ് വിംഗിന്റെ സേവനം വകുപ്പ ഡയറക്ടറുടെ കാര്യാലയത്തിൽ അനിവാര്യമായതിനാൽ അട്ടപ്പാടി ഐ.റ്റി.ഡി.പി.യിലേക്ക് പുനഃക്രമീകരിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും നെടുമങ്ങാട് ഐ.റ്റി.ഡി.പി-യിലെ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4. പദ്ധതികളുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കൽ ഉൾപ്പെടെയുള്ളവയുടെ സാങ്കേതിക മേൽനോട്ടം, സൂക്ഷ്മപരിശോധന എന്നിങ്ങനെ പദ്ധതികളുടെ സുഗമമായ നടത്തിപ്പ്, പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം എന്നിവ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreeja J K
സെക്ഷൻ ഓഫീസർ
Date: 30-08-2024 16:01:10

പകർപ്പ് -
ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ -യ്ക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്